

മാലിന്യം–വിളപ്പിൽശാലയിൽ മാത്രമല്ല.
എന്നാൽ, ഈ സ്വകാര്യ കമ്പനിക്ക്
പൊതുമുതൽ അനർഹമായി
കയ്യേറുന്നത് അഴിമതി മാത്രമല്ല...

ഫോട്ടോ : ഷിബു കെ. നായർ

# മാലിന്യം വിതച്ച മാലിന്യ ഫാക്ടറിക്ക് സർക്കാർ വക പാരിതോഷികം

ഷിബു കെ. നായർ

സ്വകാര്യ ഖരമാലിന്യ സംസ്കരണ ഫാക്ടറിയുടെ പരാജയം ഒളിപ്പിച്ചുവെക്കാൻ സർക്കാർ ഒന്നേകാൽ കോടിരൂപ ചെലവാക്കുന്നു. കൂടാതെ കമ്പനിക്ക് അഞ്ചരക്കോടി നഷ്ടപരിഹാരവും (ഈ തുക പതിനഞ്ചര കോടിയായി ഉയർത്തിയതായി അറിയുന്നു).

ദൈവത്തിന്റെ സ്വന്തം നാടിന്റെ തലസ്ഥാനനഗരത്തിലെ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പോബ്സ് എൻവിറോടെക് എന്ന കമ്പനിയുമായി നഗരസഭ കരാറൊപ്പിടുകയും തുടർന്ന് 2000–ൽ വിളപ്പിൽശാലയിൽ പോബ്സ് ജൈവവള നിർമ്മാണ ഫാക്ടറി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പ്രതിദിനം 300 ടൺ (മുന്നൂറ് ടൺ) മിശ്രിത ഖരമാലിന്യങ്ങൾ നഗരസഭ ശേഖരിച്ച് കമ്പനിക്ക് എത്തിച്ചുകൊടുക്കാമെന്നും അതു സംസ്കരിക്കുന്നതിനുള്ള കൂലി കൊടുത്തുകൊള്ളാമെന്നും മാലിന്യത്തിന്റെ അളവ് കുറഞ്ഞുപോകുകയാണെങ്കിൽ പ്രതിദിനം 49000 രൂപ പിഴയൊടുക്കിക്കൊള്ളാമെന്നുമായിരുന്നു നഗരസഭയുടെ കരാർ. (അതായത് സ്വന്തം വീട്ടിലെ മാലിന്യങ്ങൾ വളർത്തുമൃഗങ്ങൾക്ക് നൽകുകയോ കൃഷിക്കുപയോഗിക്കുകയോ ചെയ്യുന്നവർക്കെതിരെ ശിക്ഷാനടപടിപോലും എടുക്കേണ്ടിവരും!)


ദിനംപ്രതി എത്തുന്ന മിശ്രിത ഖരമാലിന്യങ്ങളെ ഒരുമിച്ച് കമ്പോസ്റ്റ് ചെയ്ത് അരിച്ച് ജൈവവളമാക്കി വിപണനം ചെയ്യുമെന്നും പ്ലാസ്റ്റിക് തുടങ്ങിയ അജൈവമാലിന്യങ്ങളെ അരിച്ചു മാറ്റി പുനഃചംക്രമണത്തിനയക്കുമെന്നുമായിരുന്നു കമ്പനി നൽകിയ ഉറപ്പ്.

സംബന്ധം ആഘോഷപൂർവ്വം നടന്നു. പക്ഷേ മധുവിധു തീരുംമുമ്പേ അസംബന്ധ നാടകങ്ങൾ തലസ്ഥാനനഗരികാണേണ്ടിവന്നു. വിളപ്പിൽ പഞ്ചായത്ത് കമ്പനിക്ക് പ്രവർത്തനാനുമതി നിഷേധിച്ചു എന്നത് ഒരു വിഷയം, നഗരസഭ കൃത്യമായി പണം നൽകുന്നില്ലെന്ന പരാതി, പ്രതിദിനം 300 ടൺ പോയിട്ട് 60 ടൺ മാലിന്യങ്ങൾ പോലും കണ്ടുപിടിക്കുന്നതിലുള്ള വിഷമം, (മാലിന്യം കോർപ്പറേഷന്റെ സ്വത്താണെന്നുവരെ മേയർ പ്രഖ്യാപിച്ചുകളഞ്ഞു!) പോബ്സ് നിശ്ചയിച്ച നിരക്കിലും അളവിലും ജൈവവളം വാങ്ങാൻ സർക്കാർ വിസമ്മതിച്ചതിന്റെ പ്രതിസന്ധി, പരിസ്ഥിതി നിയമങ്ങൾ കമ്പനി ലംഘിക്കുന്നുവെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ ഇണ്ടാസ്, പുറമേ കുടിവെള്ളവും ജീവനോപാധിയും ആരോഗ്യവും അഭിമാനവും നഷ്ടപ്പെട്ട പ്രാദേശിക നിവാസികളുടെ പരാതികളും! പിന്നെ അന്വേഷണമായി. ചർച്ചകൾ, സമരങ്ങൾ, സത്യാഗ്രഹങ്ങൾ, നിയമസഭാ പരിസ്ഥിതി കമ്മിറ്റി സന്ദർശനം... പക്ഷേ പ്രാദേശികവാസികളുടെ ദുരിതത്തിനുമാത്രം അറുതിയുണ്ടാവില്ല. ഇതിനിടയിൽ 'കൊടുത്താൽ കൊല്ലത്തും കിട്ടും' എന്ന കണക്കേ നഗരത്തിലേക്കുള്ള കുടിവെള്ളം വിളപ്പിൽശാലയിലെ മാലിന്യങ്ങളിൽ നിന്നുള്ള മലിന വിഷദ്രാവകം കലർന്ന് പ്രശ്നമായി. (ഞങ്ങൾ നഗരവാസികൾക്ക് ഇപ്പോൾ അതും ശീലമായതുകൊണ്ട് ഒരു പരാതിയുമില്ല)

നാലുകൊല്ലം ആകുമ്പോഴേക്കും പദ്ധതി വൻ പരാജയമാണെന്ന് നാട്ടുകാരും അഞ്ചാംകൊല്ലം സർക്കാരും പറഞ്ഞുതുടങ്ങി. എന്നാൽ പിന്നെ ബന്ധം ഒഴിയുകതന്നെ. കാരണവന്മാർ തീരുമാനിച്ചു.

കരാർപ്രകാരമുള്ള പ്രതിഫലവും മാലിന്യങ്ങളും നൽകാതെ വിശ്വാസവഞ്ചന കാണിച്ച നഗരസഭ നഷ്ടപരിഹാരം നൽകണമെന്ന് കമ്പനി കമ്പനി നേരെ ചൊവ്വേ പണിയെടുത്തില്ലെന്ന് നഗരസഭ.

ഒടുവിൽ കണക്കെടുപ്പിന് സമിതിയെ വെച്ചു. ക്ലീൻ കേരള മിഷനിൽ നിന്നും സെസ്സിൽനിന്നും നഗരസഭയിൽ നിന്നുമുള്ളവരായിരുന്നു സമിതിയംഗങ്ങൾ. അതുകഴിഞ്ഞ് പുറംലോകം



വിളപ്പിൽശാല പോബ്സ് എൻവിറോടെക് സംസ്കരണശാലയിലെ ദൃശ്യങ്ങൾ

അറിയുന്നത് ഞെട്ടിക്കുന്ന വിവരങ്ങളാണ്. 300 ടൺ ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ കരാറേറ്റെടുക്കുന്ന കമ്പനിയുടെ സ്ഥാപിതശേഷി 100 ടണ്ണിലും താഴെയായിരുന്നു. ഉപയോഗിച്ചിരുന്ന കമ്പോസ്റ്റിംഗ് ടെക്നോളജിയുടെ കുഴപ്പം കാരണം 15%ൽ താഴെയായിരുന്നു കമ്പോസ്റ്റിംഗ് നടന്നിരുന്നത്. അതായത് 100 കിലോ മാലിന്യങ്ങളിൽനിന്നും 15 കിലോ കമ്പോസ്റ്റും 85 കിലോ റിജക്ടുകളും സൃഷ്ടിക്കുന്ന സ്റ്റേറ്റ് ഓഫ് ദ ആർട്ട് ടെക്നോളജി! റിജക്ട് എന്ന് വാഴ്ത്തപ്പെട്ടവയെ കമ്പനിപരിസരത്ത് വെറുതെ കൂട്ടിയിട്ടുകൊണ്ടിരിക്കുന്നു. അതിപ്പോൾ ഒന്നര ലക്ഷം ടൺ കഴിഞ്ഞു! പ്രതിദിനം 300 ടൺ നഗരമാലിന്യങ്ങളെ ഓടിച്ചിട്ടുപിടിക്കാനിറങ്ങിയ നഗരസഭ ശരാശരി 60 ടൺ മാലിന്യങ്ങൾ മാത്രമേ ദിനംപ്രതി കമ്പനിയിലെത്തിച്ചിരുന്നുള്ളൂ. ഈയൊരവസ്ഥയിൽ നഷ്ടപരിഹാരമൊന്നും കമ്പനിക്ക് നൽകേണ്ടെന്നായിരുന്നു ഉന്നതങ്ങളിലെത്തിയ ശുപാർശ. പക്ഷേ ശുപാർശയുടെ ഈ ബലൂണിനെ ഏതോ ഒരു പാവം അധികാരി സൂചിക്ക് കുത്തിപ്പൊട്ടിച്ചുകളഞ്ഞു. അഞ്ചരക്കോടി കൊടുത്ത് പാവപ്പെട്ട പോബ്സ് എൻവിറോടെക്കിനെ രക്ഷിക്കാൻ സർക്കാർ തീരുമാനിച്ചതായാണ് അറിവ്. ഇതൊക്കെ പൊതുവേദികളിൽ ചില ഉദ്യോഗസ്ഥർ ആവേശഭരിതരായി പ്രസംഗിക്കുമ്പോഴാണ് ജനമറിയുന്നത്.

തൃശൂരിലെ കിലയിൽ നടന്ന സംസ്ഥാന തല പരിശീലന പരിപാടിയിൽ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഏതാണ്ട് ഇങ്ങനെ പ്രസംഗിച്ചു. "വിളപ്പിൽശാലയിൽ തെറ്റി. പരാജയമായിരുന്നു. കുഴപ്പമില്ല. കമ്പനിക്ക് അഞ്ചരകോടി കൊടുത്തൊഴിവാക്കാൻ ധാരണയായി" എന്നൊക്കെ.

ഇതിനിടയിൽ നഗരസഭയും പഞ്ചായത്തും തമ്മിൽ ഒത്തുതീർപ്പു ചർച്ചാനാടകമത്സരം തുടങ്ങിയിരുന്നു. എന്തായാലും സംഭവിച്ചു. തെറ്റുപറ്റി. ഇനിയിപ്പോൾ നിങ്ങൾക്കും നമ്മൾക്കും പ്രശ്നമില്ലാതെ എങ്ങനെ പരിഹരിക്കാം. നമുക്കൊരു കോംപ്രമൈസിലെത്താം. ഇവിടെയൊരു ലാന്റ്ഫിൽ ഇഷ്ടപ്പെട്ടില്ല. ചർച്ചയുടെ കേന്ദ്രം ബാന്ധവം സമ്മാനിച്ച അവിഹിത സന്തതിയായ ഒന്നര ലക്ഷം ടൺ വിഷഖരമാലിന്യത്തെ ആരുപോറ്റും എന്നതായിരുന്നു. നാളിതുവരെയും ഒത്തുതീർപ്പു ചർച്ചകളിൽ പോലും വിളപ്പിൽ പഞ്ചായത്ത് ഒരു പ്രാദേശിക സർക്കാരാണെന്ന ബഹുമാനംപോലും നഗരപ്രമാണിമാർ നൽകിയില്ല. പ്രാദേശിക സർക്കാരിന്റെ അവകാശങ്ങളെയും അധികാരങ്ങളെയും കാൽക്കീഴിലിട്ടു ഞെരിച്ചുകൊണ്ടായിരുന്നു ഓരോ ചർച്ചയും നടന്നത്.

ഇ.കെ. നായനാരുടെ എൽഡിഎഫ് ഭരിക്കുമ്പോൾ ഈ ബാന്ധവത്തിന് അഹോരാത്രം പണിയെടുത്ത ശാസ്ത്രത്തിന്റെയും സാഹിത്യത്തിന്റെയും ലോകത്ത് വിഹരിക്കുന്ന ആസ്ഥാനവിദഗ്ധരും ബുദ്ധിജീവികളുമടങ്ങിയ സംഘത്തെത്തന്നെ പ്രശ്നപരിഹാരത്തിന് വേണ്ടി ഏൽപ്പിച്ചു.

പാവം വിളപ്പിൽ പഞ്ചായത്തുകാർക്ക് ഓർമ്മശക്തി അല്പം കൂടുതലായതിനാലും പഴംപുരാണങ്ങളിൽ ജീവിക്കുന്നവരായതിനാലും സ്വാഭാവികമായ നിഷ്കളങ്കതയോടെ അവർ പഴയകാര്യങ്ങളെടുത്തു പുറത്തിട്ടു. ഇതേ ആസ്ഥാനവിദഗ്ധർ പണ്ടു നടത്തിയ വാഗ്ദാനങ്ങളെയും ഉറപ്പുകളെയും സ്മരിച്ച് ജനം മുനവെച്ച ചോദ്യങ്ങൾ ചോദിച്ചു. ശാസ്ത്രത്തിന്റെയും സാഹിത്യത്തിന്റേതുമല്ലാത്ത ഭാഷയിൽ മറുപടി നൽകി വിദ്വാന്മാർ ചുവടുവെച്ചു. പിന്നെ നേരെ അണിയറയിലേക്ക്. അവിടെയിരുന്നുകൊണ്ട് വിദഗ്ധർ പരിഹാരം നിർദ്ദേശിച്ചു. തുറസ്സായ സ്ഥലത്ത് ജലത്തിനും ജീവനും ഭീഷണി ഉയർത്തി നിൽക്കുന്ന വിഷമാലിന്യ മലകളെ പുതപ്പിട്ടു മൂടി നിന്ന നിലയിൽ അടക്കം ചെയ്ത് രക്തസാക്ഷി മണ്ഡപമാക്കാം - പേര് ക്യാപ്പിംഗ്. ജനമെതിർത്തു. പഞ്ചായത്തും എതിർത്തു. ചർച്ച അലസിപ്പിരിഞ്ഞു.

പക്ഷേ 2007 ഫെബ്രുവരി 19-ാം തിയ്യതി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പുറത്തുവന്ന സർക്കാർ ഓർഡറിൽ വിളപ്പിൽ ശാലയിലെ മാലിന്യങ്ങളെ അവിടെത്തന്നെ ഇരുത്തിമൂടുന്നതിന് കോസ്റ്റ് ഫോർഡിന് രൂ. 1,24,61,000 സർക്കാർ അനുവദിച്ചുകൊടുത്തു. അതായത് വിദഗ്ധരുടെ നിർദ്ദേശവും പ്ലാനും അംഗീകരിച്ച് പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഏകപക്ഷീയമായി തീരുമാനിച്ചു.

ജനകീയാസൂത്രണത്തിന്റെ വക്താക്കളും പങ്കാളിത്ത പ്രക്രിയകളിലൂടെ ജനകീയ തീരുമാനങ്ങളെടുക്കുന്നത് എങ്ങനെയെന്ന് പഠിപ്പിച്ചുനടന്നവരും ചേർന്ന ആസ്ഥാനസംഘം വിളപ്പിൽ പഞ്ചായത്തിനെ വഞ്ചിച്ചുകൊണ്ടാണ് സർക്കാർ തീരുമാനമെടുപ്പിച്ചത്. അവർ കാര്യങ്ങളൊക്കെ നേരത്തെ തീരുമാനിച്ചു കഴിഞ്ഞിരുന്നു. പിന്നെ നാട്ടുനടപ്പനുസരിച്ച് പഞ്ചായത്തുമായി പേരിനൊരു ചർച്ച. അതു പണ്ടും അങ്ങനെയാണല്ലോ? ചർച്ചകളൊക്കെ നടന്നോട്ടെ. നല്ല ഊണും കൊടുത്തോട്ടെ.

പക്ഷേ തീരുമാനം ഞങ്ങൾ പറയും. അതാണ് പാർട്ടി നയം.

വിളപ്പിൽ പഞ്ചായത്തിനെ സംബന്ധിച്ച ഈ പ്രശ്നം ഉയർത്തുന്ന ചില പ്രശ്നങ്ങളുണ്ട്.

1. കഴിഞ്ഞ ഏഴുകൊല്ലത്തോളം പഞ്ചായത്തിന്റെ അധികാരങ്ങളെ വക വെച്ചു കൊടുക്കാതിരുന്ന സർക്കാർ പഞ്ചായത്തിന്റെ അഭിപ്രായത്തിനു വിരുദ്ധമായി ഏകപക്ഷീയമായി തീരുമാനമെടുത്തത് ആരെ രക്ഷിക്കാനായിരുന്നു? എന്തായാലും നരകത്തിലായ വിളപ്പിൽ നിവാസികളെയോ, മലിന ജലം കുടിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗം നഗരവാസികളെയോ അല്ല.

2. നിലവിലുണ്ടായിരുന്ന ഖരമാലിന്യ സംസ്കരണ നിയമങ്ങളെയും പരിസ്ഥിതി നിയമങ്ങളെയും ലംഘിച്ചുകൊണ്ട്, എല്ലാവിധ ജനാധിപത്യ വ്യവസ്ഥകളെയും തൃണവൽഗണിച്ചുകൊണ്ട് അപൂർണ്ണവും അശാസ്ത്രീയവുമായ ഒരു സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് കെടുകാര്യസ്ഥതയിൽ ഒരു കമ്പനി പ്രവർത്തിച്ചതിന്റെ ഫലമാണ് വിളപ്പിൽശാലയിൽ ഇന്ന് കുന്നുകൂടിക്കിടക്കുന്ന ഒന്നരലക്ഷം ടൺ വിഷമാലിന്യങ്ങൾ! ഇതു സംസ്കരിക്കേണ്ടതിന്റെയും ഉത്തരവാദിത്തം പോബ്സിനുതന്നെയാണ്. കൂടാതെ കുടിവെള്ളം മലിനീകരിക്കപ്പെട്ട തദ്ദേശവാസികൾക്ക് കുടി വെള്ളം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്തവും പോബ്സിനു തന്നെയാണ്. അങ്ങനെയിരിക്കേ നിയമലംഘനവും കരാർ ലംഘനവും അങ്ങോട്ടു അഞ്ചരക്കോടിരൂപ നഷ്ടപരിഹാരം കൊടുക്കുകയും അവരുണ്ടാക്കിയ മാലിന്യങ്ങൾ തൽക്കാലത്തേക്ക് കുഴിച്ചുമൂടാൻ പൊതുഖജനാവിൽ നിന്നും ഒന്നേകാൽ കോടി രൂപ ചെലവാക്കുകയും ചെയ്യുന്നത് എന്തടിസ്ഥാനത്തിലാണ്?

3. 2000-ലെ മുനിസിപ്പൽ ഖരമാലിന്യ സംസ്കരണ നിയമപ്രകാരം ജൈവമാലിന്യങ്ങളെ മുഴുവനും കമ്പോസ്റ്റിങ്ങിനോ മണ്ണിരക്കമ്പോസ്റ്റിങ്ങിനോ ജൈവവാതകമുണ്ടാക്കുന്നതിനോ പ്രയോജനപ്പെടുത്തേണ്ടതാണ്. അജൈവ മാലിന്യങ്ങളെ വേർതിരിച്ച് പുനഃചംക്രമണത്തിനു വിധേയമാക്കേണ്ടതാണ്. രാസപരമായോ ഭൗതികമായോ പ്രതിപ്രവർത്തിക്കാൻ സാധ്യതയില്ലാത്ത നിർഗുണ പദാർത്ഥങ്ങളെ സാനിട്ടറി ലാന്റ്ഫിൽ ചെയ്യുകയും വേണം. ക്യാപ്പിംഗ് അനുവദനീയമല്ല. വിളപ്പിൽശാലയിലുള്ളത് പാതി ജീർണ്ണിച്ച ജൈവമാലിന്യങ്ങളുടെയും അജൈവമാലിന്യങ്ങളുടെയും മറ്റു വിഷമാലിന്യങ്ങളുടെയും ഒരു മലയാണ്. ഇതിനെ ക്യാപ്പ് ചെയ്യുന്നതുപോയിട്ട് ലാന്റ്ഫിൽ ചെയ്യുന്നതുപോലും നിയമവിരുദ്ധമാണ്. നിയമവിരുദ്ധവും ജനവിരുദ്ധവുമായ ഒരു പദ്ധതി ഒരു പ്രാദേശിക സർക്കാർ മറ്റൊരു സർക്കാരിന്റെ മേൽ അടിച്ചേൽപ്പിക്കുന്നതും സ്വകാര്യ കമ്പനിക്കുവേണ്ടി സർക്കാർ പണം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതും അഴിമതിയല്ലേ?

4. താൽക്കാലിക പരിഹാരമെന്ന നിലയിലാണത്രേ ക്യാപ്പിംഗ് ചെയ്യുന്നത്. അങ്ങനെയാണെങ്കിൽ ഭാവിയിൽ ഇതേ പ്രശ്നം ആവർത്തിക്കാതിരിക്കാൻ ദീർഘകാലാടിസ്ഥാനത്തിൽ സർക്കാർ എന്തുനടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്? 50 മൈക്രോൺ പ്ലാസ്റ്റിക് നിരോധനം പ്ലാസ്റ്റിക് വ്യവസായികളെ പേടിച്ച് വേണ്ടെന്നു വെച്ചതോ പോട്ടെ ഇപ്പോൾ പ്ലാസ്റ്റിക്കിന് ഇളവുകളും കൊടുത്തു!

**കേരളത്തിലുണ്ടാകുന്ന ഖരമാലിന്യങ്ങളുടെ 60 ശതമാനത്തോളം ജൈവാവശിഷ്ടങ്ങളാണ്. അതിന്റെ നല്ലൊരു ശതമാനവും വളർത്തുമൃഗങ്ങളും പക്ഷികളും ഭക്ഷണമാക്കുന്നുണ്ട്. ശേഷിച്ചവയാകട്ടെ ജൈവവളമുണ്ടാക്കുന്നതിനുള്ള അസംസ്കൃതവസ്തുവും! കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ജൈവകൃഷിയും അടുക്കളത്തോട്ടവും പ്രോത്സാഹിപ്പിച്ചാൽ തന്നെ മാലിന്യപ്രശ്നത്തിന്റെ ശതമാനം പരിഹരിക്കാം. ബാക്കിയുള്ള 40 ശതമാനത്തിന്റെ 99 ശതമാനവും പുനഃചംക്രമണ - പുനരുപയോഗ സാദ്ധ്യതയുള്ള വസ്തുക്കളാണ്.** അവയെ നമ്മുടെ നാട്ടിലെ ആക്രിവ്യാപാരികളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിലൂടെ ഒരു ചെലവുമില്ലാതെ കൈകാര്യം ചെയ്യാം. അവശേഷിക്കുന്ന ഒരു ശതമാനം മരുന്നുകളും ട്യൂബ്ലൈറ്റുകളും തെർമോകോളും ലോഷനുകളും കീടനാശിനികളുമടങ്ങുന്ന വിഷപദാർത്ഥങ്ങളാണ്. അവയെ കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്തം ഉൽപാദകർക്കു തന്നെയാണ്. വിദേശരാജ്യങ്ങളിലുള്ള പാക്കേജിംഗ് നിയമങ്ങളും നടപ്പാക്കുന്നതിലൂടെയും പ്ലാസ്റ്റിക്കിനുമേൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് പകരം വെക്കാവുന്ന ഉൽപന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളുമുണ്ടാവുകയാണെങ്കിൽ മാലിന്യം ഒരു പ്രശ്നമേയല്ല.

അതിന് ആദ്യം സർക്കാരിന് ജനങ്ങളിൽ വിശ്വാസമുണ്ടാകണം. ജനങ്ങളെ വിശ്വാസമില്ലാത്ത ജനങ്ങളോട് ആത്മാർത്ഥതയില്ലാത്ത സർക്കാരാണ് സ്വകാര്യകമ്പനികളും ആസ്ഥാനവിദഗ്ധരുമായി ചേർന്ന് കൃഷി നടത്തുന്നത്.

നമ്മുടെ നാട്ടിലെ സാമാന്യജനം തിരിച്ചിയേണ്ടത് എഡിബിയിൽ നിന്നും സുസ്ഥിര നഗര വികസനത്തിനുവേണ്ടിയെടുത്ത വായ്പയുടെ നല്ലൊരു ശതമാനവും ഖരമാലിന്യ സംസ്കരണ പദ്ധതികൾക്കുവേണ്ടിയാണ്. ഈ പണമാണ് ഇങ്ങനെ സ്വകാര്യ കമ്പനികൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള സന്നദ്ധസംഘടനകൾക്കും രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കുമായി പങ്കുവെച്ചുപോകുന്നത്. യഥാർത്ഥത്തിൽ നമുക്ക് ഈ വായ്പയുടെ ആവശ്യംതന്നെയില്ല. ഇല്ലാത്ത ആവശ്യത്തിന് കൊള്ളപ്പലിശയ്ക്ക് വായ്പ!

ഈ വായ്പയും പലിശയും തിരിച്ചടയ്ക്കാൻ നമുക്ക് കഴിവില്ലാതെ വരുമ്പോൾ അവർ പറയുന്ന രീതിയിൽ വിപണിയും ഭരണസംവിധാനവും ഉടച്ചുവാർക്കേണ്ടിവരും. അതിന്റെ മുഴുവൻ ദുരന്തവും പ്രത്യക്ഷമായി ഏറ്റുവാങ്ങേണ്ടി വരുന്നത് നമ്മുടെ നാട്ടിലെ ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരാണ്. ലാറ്റിനമേരിക്കയിൽ പണ്ടുനടന്നതുതന്നെ ഇവിടെ ആവർത്തിക്കുന്നുവെന്നുമാത്രം.

വിദേശഫണ്ടിനെയും ഫണ്ടഡ് സംഘടനകളെയും സംശയത്തോടെ മാറ്റിനിർത്തിയിരുന്ന, വിദേശധനസഹായത്തെ വിമർശിച്ചിരുന്ന അപ്പോസ്തലന്മാർതന്നെ കളം മാറ്റിച്ചവിട്ടി സ്വരം മാറ്റിപ്പാടുന്നത് ഈ പതിറ്റാണ്ടിലെ ഏറ്റവും അശ്ലീലമായ തമാശയാണെന്നതിൽ തർക്കമില്ല!

**ഇപ്പോൾ കിട്ടിയത്:**

വിളപ്പിൽ ശാലകൾ കേരളത്തിലങ്ങോളമിങ്ങോളം ഇനിയും ആവർത്തിക്കപ്പെടും. കേരളത്തിലെ മുഴുവൻ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും ചുക്കാൻപിടിക്കുന്നതും വിളപ്പിൽശാലയെ മാലിന്യശാലയാക്കിയ അതേ ആസ്ഥാന വിദഗ്ധർ തന്നെയാണ്!

*e-mail : shibuknair@gmail.com*